കേരള സർക്കാർ

നം.14680/ഡിബി2/10/തസ്വഭവ

തദ്ദേശസ്വയംഭരണ (ഡിബി)വകുപ്പ്

തിരുവനന്തപുരം, തീയതി :12/4/2010

## സർക്കുലർ

വിഷയം: തദ്ദേശസ്വയംഭരണവകുപ്പ്: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതികൾ-വാടകയ്ക്കോ പാട്ടത്തിനോ നൽകുന്ന കടമുറികൾ, ബങ്കുകൾ, സ്റ്റാളുകൾ തുടങ്ങിയവയിൽ 10% പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്യണമെന്ന നിർദ്ദേശം - സംബന്ധിച്ച്.

സൂചന: 13/10/04-ലെ സ.ഉ(എം.എസ്) നം.298/04/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

കൂടുതൽ മുതൽ മുടക്കും സാങ്കേതിക വൈദഗ്ദ്ധ്യവും ആവശ്യമുള്ള വൻകിട പദ്ധതികൾ പ്രത്യേകിച്ചും വാണിജ്യ പദ്ധതികൾ, സൂചിത സർക്കാർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വകാര്യ പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടത്തി വരുന്നുണ്ട്. BOT, BOST, BOOT, BOO, BLT അടിസ്ഥാനത്തിൽ നിർമ്മിക്കപ്പെടുന്ന ഷോപ്പിംഗ് കോംപ്ലക്സുകളിലും മറ്റും നിശ്ചിത ശതമാനം മുറികൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സംവരണം ചെയ്യപ്പെടുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

നഗരസഭകൾ പാട്ടത്തിനോ വാടകയ്ക്കോ ലൈസൻസ് വ്യവസ്ഥയിൽ കടമുറികൾ, ബങ്കുകൾ, സ്റ്റാളുകൾ തുടങ്ങിയവ ഏൽപ്പിച്ചു കൊടുക്കുമ്പോൾ ഓരോന്നിന്റെയും 10% എണ്ണം പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് സംവരണം ചെയ്യണമെന്നും ഈ ആവശ്യത്തിലേയ്ക്ക് പ്രത്യേകം അപേക്ഷ നൽകണമെന്നും കേരള മുനിസിപ്പാലിറ്റി (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ വ്യവസ്ഥ കരാറുകാർ പാലിക്കപ്പെടുന്നില്ല എന്ന വ്യാപകമായ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ട്.

ആയതിനാൽ മേലിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ BOT പോലുള്ള സംവിധാനത്തിലൂടെ ഷോപ്പിംഗ് കോംപ്ലക്സുകളും കടമുറികളും നിർമ്മിക്കുമ്പോൾ കരാറുകാരൻ 10% കടമുറികൾ പട്ടിക ജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിച്ചു നൽകേണ്ടതാണ് എന്ന ഒരു വ്യവസ്ഥ ടെണ്ടർ നോട്ടീസിലും BOT കരാറിലും ഉൾപ്പെടുത്തേണ്ടതാണ്.

എസ്.എം.വിജയാനന്ദ്
പ്രിൻസിപ്പൽസെക്രട്ടറി

ഉത്തരവിൻ പ്രകാരം

[signature]

സെക്ഷൻ ഓഫീസർ

പഞ്ചായത്ത് ഡയറക്ടർ,തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ,തിരുവനന്തപുരം

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

ചീഫ് എഞ്ചിനീയർ,തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം

എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)

എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖാന്തിരം)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം: വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

പബ്ളിക്ക് റിലേഷൻസ് ഡയറക്ടർ, പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി

മാനേജിംഗ് ഡയറക്ടർ, ICICI-Kinfra , കേശവദാസപുരം

എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും

എല്ലാ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും

എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും

തദ്ദേശസ്വയംഭരണ (ഡി.എ)/(ഡി.സി)/(ഡി.ഡി)/(എഫ്.എം) സെക്ഷനുകൾക്ക്

കരുതൽ ഫയൽ/ഓഫീസ് കോപ്പി.